## പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ * 268      15/12/2015 ൽ മറുപടിയ്ക്ക്

## മോഡേൺ സർവ്വെ റെക്കാർഡ് റൂം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. എം.എ. വാഹീദ്<br>ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ. പി.എ.മാധവൻ | ശ്രീ. അടൂർ പ്രകാശ്.<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) മോഡേൺ സർവ്വെ റെക്കാർഡ് റൂം ആരംഭിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; | (ബി) ഇ-രേഖ പദ്ധതി മുഖാന്തിരം വിവിധങ്ങളായ പ്രക്രിയകളിലൂടെ സംരക്ഷണം നടത്തിയിട്ടുള്ള റെക്കോർഡുകളെ നവീന രീതിയിലുള്ള മൂവബിൾ കോംപാക്ടറുകളിലേക്ക് മാറ്റി അവയെ ഒരു മാപ്പ് ലൈബ്രറിയിലൂടെ ശാസ്ത്രീയമായി Cataloging ഏർപ്പെടുത്തി retrieval എളുപ്പം സാധ്യമാക്കുന്നതാണ് ടി പദ്ധതി. സർവ്വെ ഭവന്റെ മൂന്നാമത്തെ നിലയിൽ ടി പദ്ധതിയ്ക്കായി കോംപാക്ടറുകൾ സ്ഥാപിച്ച് ഇ-രേഖ പദ്ധതിയിലൂടെ സംരക്ഷണം നടത്തിയ റിക്കാർഡുകൾ ടി കോംപാക്ടറുകളിൽ സൂക്ഷിച്ചു വരുന്ന ജോലി പുരോഗതിയിലുമാണ്. കൂടാതെ ജില്ല കളക്ട്രേറ്റുകൾ കേന്ദ്രീകരിച്ച് സൂക്ഷിച്ചിട്ടുള്ള ലാന്റ് റിക്കാർഡുകൾ സംരക്ഷിക്കപ്പെടേണ്ടത് മുൻനിർത്തി എല്ലാ ജില്ല സർവ്വെ സൂപ്രണ്ട് ഓഫീസുകളിലും സർവ്വെ ഭവനും കേന്ദ്രീകരിച്ച് മോഡേൺ സർവ്വെ റിക്കാർഡ് റൂമുകൾ നിർമ്മിക്കുന്ന പദ്ധതി കേരള ലാന്റ് ഇൻഫർമേഷൻ മിഷൻ നടപ്പാക്കി വരുന്നു. ഇതിൽ സ്ഥല ലഭ്യതയുള്ള 10 ജില്ലകളിൽ കോംപാക്ടറുകൾ സ്ഥാപിച്ച് സിവിൽ ജോലി പുരോഗതിയിലുമാണ്.എറണാകുളം ജില്ലയിലെ 7 താലൂക്ക് ഓഫീസുകളിലും റവന്യൂ ഡിവിഷൻ ഓഫീസുകളിലും റിക്കാർഡ് സംരക്ഷണത്തിനായി കേരളാ ലാന്റ് ഇൻഫർമേഷൻ മിഷൻ മുഖാന്തിരം മോഡേൺ റിക്കാർഡ് റൂം സ്ഥാപിക്കുന്ന ജോലി പുരോഗതിയിലാണ്. |

| | |
|---|---|
| (സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നു വിശദമാക്കുമോ? | (സി) ജില്ലാതലങ്ങളിലെ റിക്കാർഡുകൾ സംരക്ഷിക്കുന്നതിനായുള്ള മോഡേൺ സർവ്വെ റിക്കാർഡ് റൂമുകൾ ഓരോ ജില്ലയിൽ 1 വീതവും സർവ്വെ ഭവനിലും സ്ഥാപിക്കുന്നതിനുള്ള അനുമതി 2012-13 ലെ ഡിപ്പാർട്ട്മെന്റ് വർക്കിംഗ് ഗ്രൂപ്പിൽ ലഭ്യമായിട്ടുണ്ട്. ടി പദ്ധതി നടത്തിപ്പിനായി G.O.(Rt)No. 6071/2013/RD ഉത്തരവ് പ്രകാരം 4,85,31,900/- രൂപ അനുവദിക്കുകയും ടി തുക ഉപയോഗിച്ച് ടി പദ്ധതി നടപ്പാക്കി വരുകയും ചെയ്യുന്നു.<br>2012-13 വർഷത്തിൽ കൂടിയ എംപവേർഡ് കമ്മിറ്റി തീരുമാനപ്രകാരം സർവ്വെ ഭവൻ കേന്ദ്രീകരിച്ച് ഇ-രേഖ പദ്ധതി പ്രകാരം സംരക്ഷിക്കപ്പെട്ട റിക്കാർഡ് സൂക്ഷിക്കുന്നതിന് റിക്കാർഡ് റൂം സ്ഥാപിക്കുകയും ആയതിലേയ്ക്കായി 1 കോടി രൂപ അനുവദിക്കുകയും ടി തുക ഉപയോഗിച്ച് ടി പദ്ധതി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.<br>എറണാകുളം ജില്ലയിലെ എല്ലാ താലൂക്ക് ഓഫീസുകളിലും ഒരു റവന്യൂ ഡിവിഷൻ ഓഫീസിലും മോഡേൺ റിക്കാർഡ് റൂം സ്ഥാപിക്കുന്നതിനായി G.O.(Rt) 1379/2015/RD നമ്പർ ഉത്തരവ് പ്രകാരം 2,41,70,360/- രൂപ അനുവദിക്കുകയും ടി തുക ഉപയോഗിച്ച് റിക്കാർഡ് റൂമിന്റെ ജോലി നടന്നു വരികയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ